പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 62

08/01/2014-ൽ മറുപടിയ്ക്കു്

**ശബരിമലയിൽ മാലിന്യ സംസ്കരണ സംവിധാനം**

ചോദ്യം

ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. രാജു എബ്രഹാം
ശ്രീ. സാജു പോൾ
ശ്രീ. എസ്. രാജേന്ദ്രൻ

എ) ശബരിമലയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിൽ വേണ്ടത്ര വിജയിച്ചില്ലെന്ന നിയമസഭാ സമിതിയുടെ കണ്ടെത്തലിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമലയിൽ ഏർപ്പെടുത്തിയ മാലിന്യ സംസ്കരണ സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

സി) മാലിന്യമുക്ത ശബരിമല പദ്ധതിയുടെ ഭാഗമായി ഇതുവരെ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ), ബി), & സി) ശബരിമലയിലെ പാരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട സീറോ വേസ്റ്റ് ശബരിമല എന്ന പദ്ധതി പ്രഖ്യാപിക്കുകയും ഇതിലേക്കായി 5 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ദേവസ്വം ബോർഡ് നിലയ്ക്കലിൽ 200 കിലോ/മണിക്കൂർ, 400 കിലോ/മണിക്കൂർ ശേഷിയുള്ള രണ്ട് ഇൻസിനറേറ്ററുകളും, ശബരിമലയിൽ 400 കിലോ/മണിക്കൂർ, 300 കിലോ/മണിക്കൂർ ശേഷിയുള്ള രണ്ട് ഇൻസിനറേറ്ററുകളും, പമ്പയിൽ ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനായി 3.5 എം.എൽ.ഡി ശേഷിയുള്ള ഒരു എസ്.റ്റി.പി യും പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടാതെ മാലിന്യ നിർമ്മാർജ്ജനത്തിനായി കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശാനുസരണം പമ്പയിലും ശബരിമലയിലും താൽക്കാലിക സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ നിവാരണത്തിനായി ഒരു ഇടക്കാല നടപടിയെന്നവണ്ണം സെപ്റ്റിക് ടാങ്കുകൾക്ക് ചുറ്റും ബയോ എൻസൈമുകളും ദുർഗന്ധം വമിയ്ക്കുന്ന പ്രദേശങ്ങളിൽ odour eliminator റും spray ചെയ്യുന്നുണ്ട്. ബെയിലി പാലത്തിന് സമീപം നീരൊഴുക്കുള്ള ഭാഗത്തും ഞുണങ്ങാർ ഉത്ഭവിക്കുന്ന ഭാഗത്തും മണൽ ചാക്കുകൾ നിരത്തി ജലത്തിന്റെ ഗുണനിലവാരം കൂട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. മാലിന്യവിമുക്ത ശബരിമല പദ്ധതിയുടെ ഭാഗമായി ബയോ-ഡീഗ്രേഡബിൾ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പച്ച നിറത്തിലുള്ള വേസ്റ്റ് ബിന്നുകളും, ഇൻസിനറബിൾ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മഞ്ഞ നിറത്തിലുള്ള വേസ്റ്റ് ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്. ശബരിമലയിലെ മാലിന്യ സംസ്കരണത്തിന് ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക എന്ന ഭക്തജനങ്ങളുടെ ദീർഘകാല ആവശ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ ഹൈപ്പവർ കമ്മിററിയുടെ മേൽനോട്ടത്തിൽ 22.87 കോടി രൂപ ചിലവിൽ ഒരു 5 എം.എൽ.ഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം വരുന്ന ജനുവരി 14 –ന് ആരംഭിക്കും. 18 മാസത്തിനുള്ളിൽ പ്രസ്തുത പ്ലാന്റിന്റെ പണി പൂർത്തീകരിക്കുന്നതുമാണ്.

ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും പരിസര പ്രദേശങ്ങളിലും അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ അപ്പപ്പോൾ തന്നെ നീക്കം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ പമ്പ, ശബരിമല, എന്നിവിടങ്ങളിലും പരിസര പ്രദേശങ്ങളിലുമുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാതാ അമൃതാനന്ദമയീ മഠം, സത്യസായി സേവാ സമിതി, അഖില ഭാരത അയ്യപ്പസേവാ സംഘം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി, നാഷണൽ സർവ്വീസ് സ്കീം, വന സംരക്ഷണ സമിതി, ഇക്കോ ഡവലപ്മെൻറ് കമ്മിറ്റി, നെഹ്റുയുവകേന്ദ്ര, റാന്നി ബ്ലോക്ക് പഞ്ചായത്ത്, പോലീസ് തുടങ്ങിയവയുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തികൾ ചെയ്യാറുണ്ട്. കൂടാതെ സീസൺ സമയത്ത് ദിവസേനയുള്ള ശുചീകരണത്തിനായി വിശുദ്ധി സേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്. സന്നിധാനത്തേക്ക് സാധനങ്ങൾ എത്തിക്കുന്നതിൽനിന്ന് കഴുതകളെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. ഇതുവഴി ശബരിമലയിൽ സംമ്പൂർണ്ണ ശുചിത്വമാണ് ലക്ഷ്യമിട്ടത്. കൂടാതെ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പുണ്യം പൂങ്കാവനം എന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ